**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2849** **13-02-2024 - ൽ മറുപടിയ്ക്ക്**

**സഹകരണമേഖലയുടെ ആധുനികവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് മേഖലയിൽ ഉപഭോക്താക്കൾക്ക് നൂതനബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് മേഖലയിൽ ഉപഭോക്താക്കൾക്ക് നൂതനബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസേഷൻ, കോർബാങ്കിംഗ്, എ.ടി.എം സൗകര്യങ്ങൾ സ്ഥാപിക്കൽ, സാങ്കേതിക വിദ്യയുടെ നിലവാരം ഉയർത്തൽ, ബാങ്കുകളുടെയും സഹകരണ സംഘങ്ങളുടെയും ദേശീയ തലത്തിൽ ഇടപെടുന്നതിനുള്ള ആധുനിക സാങ്കേതിക ഉപകരണങ്ങൾ സ്വായത്തമാക്കൽ, നിലവിലുള്ള സാങ്കേതിക വിദ്യയുടെ നിലവാരം ഉയർത്തുവാനും ദേശീയതലത്തിലുള്ള ഐ.ടി വിദഗ്ദരെ താൽക്കാലികമായി നിയമിക്കാനും ദേശീയ തലത്തിലുള്ള ഐ.ടി സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം തേടുന്നതിനുള്ള സഹായം എന്നിവയ്ക്കായും സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും ഒരു ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായമായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ 2023-24 സാമ്പത്തിക വർഷം 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ സേവനദാതാവുമായി കരാറിൽ ഏർപ്പെട്ട് നടപടികൾ പൂർത്തീകരിക്കുന്നതാണ്. വിവിധ ഘട്ടങ്ങളിലായി 18 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് മേഖലയിൽ ഉപഭോക്താക്കൾക്ക് നൂതന ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കേരള ബാങ്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ കേരള ബാങ്കിൽ ആധുനിക സൗകര്യങ്ങളായ മൊബൈൽ ബാങ്കിംഗ്, UPI സേവനങ്ങൾ, ATM, IMPS, Bill Payment, Aadhar Enabled Payment System, RTGS, NEFT, CTS, NACH, ECS, PFMS, PBT എന്നീ സേവനങ്ങൾ ലഭ്യമാണ്. സഹകരണ സംഘങ്ങൾക്കും കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കുമായി പ്രത്യേക മൊബൈൽ ആപ്പ് സംവിധാനവും ഒരുക്കിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിലും അനുബന്ധ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളിലും ബാങ്കിംഗ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന്റെ ഭാഗമായി Core Banking Solution നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>കൂടാതെ ഒട്ടേറെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ RTGS, NEFT, ATM സൗകര്യങ്ങൾ കേരള സംസ്ഥാന സഹകരണ ബാങ്കുമായി സഹകരിച്ച് അംഗങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. |
| (ബി) | സഹകരണരംഗത്ത് പ്രൊഫഷണലിസം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | സഹകരണരംഗത്ത് പ്രൊഫഷണലിസം നടപ്പാക്കുന്നതിന്റെ ഭാഗമായി സഹകരണ സംഘം ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ, വകുപ്പ് ജീവനക്കാർ എന്നിവർക്ക് ICM, ACSTI, KIMB എന്നീ സ്ഥാപനങ്ങളിൽ നിശ്ചിത ഇടവേളകളിൽ പരിശീലനപരിപാടികൾ നൽകി വരുന്നുണ്ട്. കേരള സഹകരണ നിയമം വകുപ്പ് 28AAപ്രകാരം സംസ്ഥാനത്തെ അർബൻ സഹകരണ ബാങ്കുകളിലെ ഭരണ സമിതികളിൽ 2 സീറ്റുകൾ ബാങ്കിംഗ് മേഖലയിലോ, സാങ്കേതിക വിദ്യാഭ്യാസമോ ഉള്ള വ്യക്തികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.<br><br>കേരള ബാങ്കിൽ പ്രൊഫഷണലിസം നടപ്പിലാക്കിയിട്ടുണ്ട്. ബാങ്കിന്റെ പ്രവർത്തനങ്ങൾ, ധനകാര്യം എന്നിവ കൈകാര്യം ചെയ്യുന്നതിന് യോഗ്യതയുള്ള പ്രൊഫഷണലുകൾ ഉൾപ്പെടുന്ന ഡയറക്ടർ ബോർഡും വിദഗ്ധർ ഉൾപ്പെടുന്ന ബോർഡ് ഓഫ് മാനേജ്മെന്റും നിലവിലുണ്ട്. ബാങ്കിൽ ഉയർന്ന ഉദ്യോഗസ്ഥർക്കും, മറ്റ് ജീവനക്കാർക്കും ഉയർന്ന നിലവാരത്തിൽ പ്രവർത്തിക്കുന്നതിനുള്ള അറിവും കഴിവും ആർജിക്കുന്നതിന് തുടർച്ചയായ പരിശീലന പരിപാടികളും നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിന്റെ ഭരണ സമിതിയിലേയ്ക്ക് സഹകരണ രംഗത്ത് നിന്നും പ്രൊഫഷണൽ/ടെക്കിക്കൽ എക്സ്പ്പേർട്ടായി രണ്ടു അംഗങ്ങളെ കോ ഓപ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ ബാങ്കിന്റെ എറണാകുളം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ട്രെയിനിംഗ് സെന്ററിൽ നിന്നും ഭരണ സമിതി അംഗങ്ങൾക്കും ജീവനക്കാർക്കും വിവിധ പരിശീലന പരിപാടികൾ നടത്തി വരുന്നു. |
| (സി) | സഹകരണസംഘങ്ങൾ സംയുക്തമായി വൻകിട പദ്ധതികൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (സി) | സഹകരണസംഘങ്ങൾ സംയുക്തമായി വൻകിട പദ്ധതികൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>PAPCOS</u>**<br><br>പാലക്കാട് ജില്ലയിലെ നെൽകർഷകരെ സംരക്ഷിക്കുവാൻ, ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ് കോർപറേഷൻ വഴി സർക്കാർ നിയന്ത്രണത്തിൽ പൊതു മാർക്കറ്റിൽ എത്തിക്കുക, കൂടാതെ സ്വന്തം ബ്രാന്റിൽ ജില്ലയിലെ സഹകരണ സംഘങ്ങളുടെ വിപണന സ്റ്റാളുകൾ വഴി വിപണനം നടത്തുക എന്നീ ലക്ഷ്യങ്ങളോടെ പാലക്കാട് ജില്ലയിലെ **36** പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായുള്ള പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസ്സസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നം.പി. 1449 (PAPCOS) നിലവിൽ വന്നിട്ടുണ്ട്. സംഘത്തിന് 2500 MT സംഭരണ ശേഷിയുള്ള 6 സൈലോകൾ (ആകെ 15000 MT) 1 ലക്ഷം MT വരെ സംസ്കരിക്കാൻ കഴിയുന്ന തരത്തിലുള്ള പാർ ബോയിലിംഗ് യൂണിറ്റ്, ആധുനിക റൈസ് മിൽ, എന്നിവ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുള്ളതും ആയത് സംബന്ധിച്ച നടപടി സ്വീകരിച്ചു വരുന്നതുമാണ്. അംഗങ്ങളിൽ നിന്നും ഓഹരി മൂലധനം 13,70,00,000/- (പതിമൂന്ന് കോടി എഴുപതു ലക്ഷം) രൂപ സമാഹാരിച്ചിട്ടുണ്ട്. 16/07/2019 ന് മോഡേൺ റൈസ് മിൽ പദ്ധതിക്കായി പാലക്കാട് ജില്ലയിൽ കണ്ണമ്പ്ര പഞ്ചായത്തിൽ മാങ്ങോട് എന്ന സ്ഥലത്ത് 27.66 ഏക്കർ ഭൂമി 6,36,18,000/-(ആറു കോടി മുപ്പത്തി ആറു ലക്ഷത്തി പതിനെട്ടായിരം മാത്രം) രൂപക്ക് സംഘത്തിന്റെ ഉടമസ്ഥതയിൽ ഏറ്റെടുത്തിട്ടുണ്ട്.<br><br>**<u>KAPCOS</u>** |

| | | | |
|---|---|---|---|
| | | | പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പിരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505(KAPCOS) എന്ന സഹകരണ സംഘവും രൂപീകരിച്ചിട്ടുള്ളതാണ്. കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അരിമില്ല്, സംസ്കരണ കേന്ദ്രങ്ങൾ എന്നിവ ആരംഭിയ്ക്കുകയും ആയതിന് ആവശ്യമായ സംഭരണ ശാലകൾ സ്ഥാപിക്കുകയും ചെയ്യുക, സംഘത്തിന്റെ പ്രവർത്തനത്തിലൂടെ നെൽ കർഷകരെ സഹായിക്കുകയും നെൽ കൃഷി വ്യാപിപ്പിക്കുന്നതിന് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുക എന്നതുമാണ് ടി സംഘത്തിന്റെ പ്രധാന ഉദ്ദേശം. അരിയും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിപണിയിൽ എത്തിക്കുന്നതിനായി സംഘം റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. നിലവിൽ **43** പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ കാപ്കോസിൽ അംഗങ്ങളാണ്. സംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം 310 കോടി രൂപയാണ്. നിലവിൽ 6.33 കോടി രൂപ അംഗസംഘങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടിയിട്ടുണ്ട്. സംഘത്തിന്റെ അംഗസംഘങ്ങൾ ആയ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും സ്വരൂപിച്ച ഓഹരി മൂലധനം ഉൾപ്പെടെയുള്ള തുക ഉപയോഗിച്ച് 23.08.2023 തീയതി സംഘത്തിന്റെ പേരിൽ 9 ഏക്കർ 62 സെന്റ് സ്ഥലം കിടങ്ങൂർ സബ് രജിസ്ട്രാർ ആഫീസിൽ വച്ച് ആധാരം ചെയ്തിട്ടുള്ളതാണ്. ആധുനിക രീതിയിലുള്ള റൈസ് മിൽ സ്ഥാപിക്കുന്നതിനും കർഷകരിൽ നിന്നും അരി സംഭരിച്ച സംഘത്തിന്റെ ആഭിമുഖ്യത്തിൽ ബ്രാൻഡഡ് അരിയായി വിപണിയിൽ വിൽക്കുന്നതിനും പദ്ധതി തയ്യാറാക്കി വരുന്നു. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവർത്തനം മന്ദീഭവിച്ച സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള കർമ്മപദ്ധതികൾ വിശദമാക്കാമോ? | (ഡി) | വ്യക്തമായ പദ്ധതികളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുക, പ്രായോഗികമായ നിർദ്ദേശങ്ങളുടേയും പദ്ധതികളുടേയും അടിസ്ഥാനത്തിൽ സഹകരണ മേഖലയുടെ നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക, നന്നായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ലാഭകരമായ വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾക്കും സഹായിക്കുക, പ്രവർത്തന |

| | | | |
|---|---|---|---|
| | | | ക്ഷമമായ പദ്ധതികൾ / സാദ്ധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക, പ്രവർത്തനമൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണ പ്രവർത്തനങ്ങളാൽ പ്രവർത്തനം നിലച്ച സംഘങ്ങളുടെ പുനരധിവാസം എന്നീ ലക്ഷ്യങ്ങളോടെ 'കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 18.04.2023 - ലെ സ.ഉ(സാധാ)നം.234/2023/സഹ പ്രകാരം തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ അന്തിമ പദ്ധതി രേഖ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>പ്രവർത്തനം മന്ദീഭവിച്ച സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി കേരള ബാങ്ക്, അംഗ സംഘങ്ങളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ദുർബലമായതും പ്രവർത്തന മാന്ദ്യം സംഭവിച്ചതുമായ സഹകരണ സംഘങ്ങളെ പ്രവർത്തനോന്മുഖമാക്കി ലാഭത്തിലെത്തിക്കാനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതു സംബന്ധിച്ച് ഒരു പുനരുദ്ധാരണ പദ്ധതിയ്ക്ക് കേരള ബാങ്കിന്റെ ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ദുർബലമായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ സഹായിക്കുന്നതിനായി KB PACS Development Scheme എന്ന പേരിൽ ഒരു വായ്പാ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. ഈ പുനരുദ്ധാരണ പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി കോവിഡ്, വെള്ളപ്പൊക്കം, കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ് എന്നിവ കനത്തതോതിൽ ആഘാതമുണ്ടാക്കിയ ഇടുക്കി ജില്ലയിലെ 20 സഹകരണ സംഘങ്ങളെ ഈ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തുകയും 15 സംഘങ്ങൾക്ക് വായ്പാ സഹായമായി 89 കോടി രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ പ്രാഥമിക സഹകരണ സംഘങ്ങളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പാ സഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ